മാർക്സിസ്ററ് യുക്തിവാദ പാഠാവലി

# മതം
# മാർക്സിസം
# യുക്തിവാദം



സി. ബി. എസ്. മണി

1-50

ഒരു
സോഷ്യലിസ്റ്റ് കൾച്ചറൽ സെൻറർ
പ്രസിദ്ധീകരണം

# മതം മാർക്സിസം യുക്തിവാദം

## സി. ബി. എസ്. മണി

മൂഢവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും കൂത്തരങ്ങാണ് മതം. മാനവസാഹോദര്യത്തിനും സ്ഥിതിസമത്വത്തിനും ശാസ്ത്രപുരോഗതിക്കും വിലങ്ങുതടിയാണത്. മതങ്ങളുടെ ആണിക്കല്ല് ഈശ്വരവിശ്വാസവും, അതിനെ ചുററിപ്പററിയുള്ള തലതിരിഞ്ഞ പ്രപഞ്ചവീക്ഷണവും, പ്രാകൃതമായ ആചാരാനുഷ്ഠാനങ്ങളുമാണ്. ശാസ്ത്രവിരോധം, പുനർജ്ജന്മവാദം, ജാതിവൈകൃതങ്ങൾ, വിധിവിശ്വാസം, അയിത്തം, ബ്രാഹ്മണമേധാവിത്തം, ചൂഷകവർഗ്ഗത്തോടുള്ള പ്രതിപത്തി, കുമ്പസാരം, പുരുഷമേധാവിത്വം, വഴിപാടുവിശ്വാസം, അന്ധവും_മൂഢവുമായ ആരാധനാസമ്പ്രദായങ്ങൾ, നരബലി, ദിവ്യാത്ഭുതവിശ്വാസം, സതി സമ്പ്രദായം തുടങ്ങിയ അനവധി നിന്ദ്യവും മ്ലേച്ഛവും ക്രൂരവുമായ സംസ്കാരത്തിൻെറ ആകത്തുകയാണ് ലോകത്തിലുള്ള വിവിധ മതങ്ങളുടെ സദാചാരത്തിൻെറ കാതൽ രാഷ്ട്രീയരംഗത്തേയ്ക്കുള്ള ജാതി-മത-വർഗ്ഗീയ ശക്തികളുടെ തള്ളിക്കയറവും, ഭരണകൂടത്തിലവർക്കുള്ള ഭീമമായ സ്വാധീനവും അവശജനവിഭാഗങ്ങളെ തമ്മിലടിപ്പിക്കുന്നതിനും ചൂഷകവർഗ്ഗവ്യവസ്ഥ അരക്കിട്ടുറപ്പിക്കുന്നതിനുമുള്ള തന്ത്രങ്ങളാണ്. മാനവസമുദായത്തിൽ എന്നുമെന്നും ചൂഷണം നിലനിർത്തണമെന്നുള്ള വ്യഗ്രതയിൽ ചൂഷകവർഗ്ഗങ്ങളുടെ മർദ്ദനത്തിനും ചൂഷണത്തിനും മതം താത്വികോപദേശം നൽകുന്നു

എന്നാൽ മാർക്സിസത്തിൻെറ കാഴ്ചപ്പാട് നേരെ മറിച്ചാണ്. വിവേകപൂർവ്വമായ ലോകവീക്ഷണമാണ് മാർക്സിസം. തൊഴിലാളി വർഗ്ഗത്തിൻെറ വിമോചനത്തിനുള്ള ഉപാധികളുടെ സിദ്ധാന്തമാണത് മാനവസാഹോദര്യത്തിൻെറയും സ്ഥിതി സമത്വത്തിൻെറയും തത്വശാസ്ത്രമാണത്. തികച്ചും

ഭൗതികവാദത്തിലധിഷ്ഠിതമായ നിലപാടാണ് മാർക്സിസത്തിനുള്ളത്. നമ്മെ ബന്ധിച്ചിരിക്കുന്ന ചങ്ങലകളേതെല്ലാമാണെന്ന് അത് വ്യക്തമാക്കുന്നു. തികച്ചും ശാസ്ത്രീയമായ ഈ തത്വശാസ്ത്രം മനുഷ്യമോചനത്തിന്റെ മാർഗ്ഗരേഖകൾ വരച്ചുകാണിക്കുന്നു. പ്രപഞ്ചത്തെ വ്യാഖ്യാനിക്കുക മാത്രമല്ല, അതിനെ ശരിയായ വിധത്തിൽ മാററിമറിക്കാനുള്ള പ്രവർത്തനരീതികളും പ്രവർത്തനശക്തികളും ഏതെല്ലാമെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു, മാർക്സിസം. അവിടെ ഈശ്വരനു സ്ഥാനമില്ല. ജാതിമതവിഭാഗീയ പ്രവണതകൾക്ക് കടകവിരുദ്ധമാണത്. ചൂഷണത്തിനും മർദ്ദനത്തിനും സഹായകമായ താത്വികോപദേശം നല്കുന്ന സിദ്ധാന്തങ്ങളെയും, ചൂഷക വർഗ്ഗത്തെത്തന്നെയും തകർത്തെറിയാനുള്ള, ശാസ്ത്രീയ സോഷ്യലിസം കെട്ടിപ്പടുക്കാനുള്ള പടവാളാണ് മാർക്സിസം.

മതങ്ങൾ മാർക്സിസത്തിനെതിരെ പടയണികൂട്ടുന്നതും അങ്കം വെട്ടുന്നതും സാധാരണയാണ്. കാരണം അതവരുടെ നിലനില്പിന്റെതന്നെ പ്രശ്നമാണ്. 1954 ജൂലൈ 1_ാംതിയ്യതി റോമിൽനിന്നു പുറപ്പെടുവിച്ച ഡിക്രിയിൽ, ''കമ്മ്യൂണിസത്തിൽ ഉറച്ചുവിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവൻ അതിനാലെത്തന്നെ മഹറോൻ ശിക്ഷയ്ക്കു വിധേയനാവുകയും സഭയിൽനിന്നു ബഹിഷ്കൃതനാവുകയും ചെയ്യുന്നു''വെന്ന് വ്യക്തമാക്കിയിരിക്കുന്നു. കാത്തലിക് ഇൻഫർമേഷൻ സെൻററിന്റെ ഡയറക്ടർ ഫാ: ആൻറണി അന്തിക്കാട്ട് എഴുതിയ ''നിങ്ങളുടെ സംശയങ്ങൾ'' എന്ന ഗ്രന്ഥത്തിൽ (അദ്ധ്യായം 11. കമ്മ്യൂണിസം പേജ് 13) കത്തോലിക്കാസഭയും കമ്മ്യൂണിസവുമായിട്ട് എന്താണ് എതിര് എന്ന ചോദ്യത്തിനു നല്കുന്ന മറുപടി നോക്കൂ: ''കത്തോലിക്കർ ദൈവത്തിലും മതത്തിലും സന്മാർഗ്ഗത്തിലും വിശ്വസിക്കുന്നു; ക്രിസ്തുനാഥൻ ദൈവമാണെന്നു വിശ്വസിക്കുന്നു എന്നാൽ, കമ്മ്യൂണിസം ദൈവത്തിലോ മതത്തിലോ സന്മാർഗ്ഗത്തിലോ വിശ്വസിക്കുന്നില്ല. ക്രിസ്തുനാഥൻ ദൈവമാണെന്നോ അവിടുത്തെ കല്പനകൾക്ക് ദിവ്യമായ വിലയുണ്ടെന്നോ വിശ്വസിക്കുന്നില്ല. എന്നു മാത്രമല്ല, സ്വന്തം കാലിന്മേൽ നില്ക്കാനുള്ള ശക്തികിട്ടിയാൽ മേല്പറഞ്ഞ വിശ്വാസങ്ങളെല്ലാം ജനതാമദ്ധ്യ

ത്തിൽനിന്നു തുരത്തുവാൻ പ്രയത്നിക്കുമെന്നുള്ള പരിപാടിയോടുകൂടി പ്രവർത്തിക്കുകയുമാണ്. അതുകൊണ്ട് കമ്മ്യൂണിസവും കത്തോലിക്കാസഭയും തമ്മിൽ ഒരിക്കലും യോജിക്കാൻ സാദ്ധ്യമല്ല''. പലതുമിങ്ങനെ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും വർഷങ്ങൾ പിന്നിടുംതോറും ചിലതെല്ലാം കണ്ടില്ലെന്നും കേട്ടില്ലെന്നും നടിക്കേണ്ട ഗതികേട് മതത്തിനുവന്നുചേർന്നിരിക്കുകയാണ്. എങ്കിലും അവരുടെ ഏററവും ക്രൂരമായ അഴിഞ്ഞാട്ടം തുടരുക തന്നെയാണ്. സംഘടിതമതങ്ങളും, ദുർബ്ബലമതങ്ങളും 'ആർഷസംസ്കാരാഭാസ'ത്തിൻെറ അർദ്ധസൈനിക സംഘടനകളും മാർക്സിസത്തിനെതിരെ ഉറഞ്ഞുതുള്ളുന്നതും വിശാലഹിന്ദുവിൻെറയും ക്രൈസ്തവനീതിയുടേയും ഇസ്ലാമികപാരമ്പര്യത്തിൻെറയും പേരുപറഞ്ഞുകൊണ്ട് മാർക്സിസത്തിനെതിരെ ഐക്യമുന്നണി സംഘടിപ്പിച്ചു പൊരുതുന്നതു് നമ്മുടെ കൺമുമ്പിലുള്ള ഒരു നഗ്നയാഥാർത്ഥ്യം മാത്രമാണല്ലോ.

വിയർപ്പൊഴുക്കി അന്നം കണ്ടെത്തുന്ന അതായതു് അദ്ധ്വാനശക്തിവിററ് ജീവിക്കുന്ന തൊഴിലാളി വർഗ്ഗത്തിനെതിരായി നിലകൊള്ളുന്നതും, മററുള്ളവരുടെ വിയർപ്പിൽ അന്നം കണ്ടെത്തുന്ന ചൂഷകപ്രമാണിമാർക്ക് പാദസേവ നടത്തുന്നതുമായ, മാനവസമുദായത്തിൻെറ സ്വാതന്ത്ര്യവും ശാസ്ത്രീയവുമായ വികാസത്തിനു് ഭീഷണിയായി വർത്തിക്കുന്ന മതത്തെ മാർക്സിസം എങ്ങിനെ നേരിടുന്നു? മതമാണ് ഏററവും വലിയ ശത്രുവെന്നു് മാർക്സിസം കരുതുന്നുണ്ടോ? തൊഴിലാളി വർഗ്ഗത്തിൻേറതായ മാർക്സിസ്റ്റ് നിരീശ്വരവാദത്തിൻെറ താത്വികാടിസ്ഥാനമെന്താണ്? അതു് മൗലികമായി മതത്തിനെതിരാണെന്നു് വ്യക്തം. എന്നാൽ അതിൻെറ വിശദാംശങ്ങളെന്തു്? നമുക്കൊന്നു പരിശോധിക്കാം.

ഹെഗലിൻെറ ''അവകാശദർശനത്തെപ്പററിയുള്ള സൂക്ഷ്മപരിശോധനക്ക് ഒരു സംഭാവന'' എന്ന പ്രബന്ധത്തിൻെറ മുഖവുരയിൽ മതവിരുദ്ധമായ വിമർശനത്തിൻെറ അടിസ്ഥാനം എന്താണെന്നു മാർക്സ് പറയുന്നതു നോക്കുക: ''മനുഷ്യനാണ് മതത്തെ സൃഷ്ടിക്കുന്നതു്, മതം മനുഷ്യനെ സൃഷ്ടിക്കുകയല്ല. മററു വാക്കുകളിൽ, ഇപ്പോഴും അവനവനെ കണ്ടെത്തി

യിട്ടില്ലാത്ത, അല്ലെങ്കിൽ വീണ്ടും സ്വയം നഷ്ടപ്പെട്ടുകഴിഞ്ഞിട്ടുള്ള, മനുഷ്യന്റെ ആത്മബോധവും ആത്മവികാരവുമാണ് മതം പക്ഷെ ലോകത്തിന്റെ അപ്പുറത്ത് കുത്തിയിരിക്കുന്ന അരൂപചേതനയൊന്നുമല്ല മനുഷ്യൻ. മനുഷ്യൻ മനുഷ്യന്റെ ലോകമാണ്, രാഷ്ട്രമാണ്, സമുദായമാണ്. ഈ രാഷ്ട്രം, ഈ സമുദായം, ഒരു തലതിരിച്ച ലോകബോധമായ മതത്തെ സൃഷ്ടിക്കുന്നു; കാരണം അവ തന്നെ ഒരു തലതിരിച്ച ലോകമാണ് ആ ലോകത്തിന്റെ സാമാന്യസിദ്ധാന്തമാണ്, അതിന്റെ സർവ്വവിജ്ഞാനപരമായ സമാഹാരമാണ്, ജനകീയ രൂപത്തിലുള്ള അതിന്റെ യുക്തിവാദമാണ്, ആത്മീയപരമായ അതിന്റെ ബഹുമതി കേന്ദ്രമാണ്, അതിന്റെ ഉത്സാഹമാണ് അതിന്റെ ധാർമ്മികാനുശാസനമാണ്, അതിന്റെ പരിപാവനപൂർത്തീകരണമാണ് മതം, മാനസികാശ്വാസത്തിനും നീതീകരണത്തിനുമുള്ള സാർവ്വലൗകിക തട്ടമാണത്. മാനുഷികസത്തയ്ക്കു തനതായ ഒരു യാഥാർത്ഥ്യമില്ലാതിരുന്നതുകൊണ്ട് ആ സത്തയുടെ കാല്പനികമായ സാക്ഷാല്ക്കാരമാണത് അതുകൊണ്ട് മതത്തിനെതിരായ സമരം യാതൊന്നിന്റെ ആത്മീയസൗരഭ്യമാണോ മതം, ആ പരലോകത്തിനെതിരായ സമരമായിത്തീരുന്നു പരോക്ഷമായി.''

ഇവിടെ മാർക്സ് ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ വളരെ വ്യക്തമാണ്. അതിന്റെ ചുരുക്കമിതാണ്. മനുഷ്യസൃഷ്ടിയാണ് മതം. ലോകത്തെക്കുറിച്ച് ഒരു തലതിരിഞ്ഞ ബോധമാണ് മതം നല്കുന്നത്. കാരണം ഒരു തലതിരിഞ്ഞ ലോകമാണ് മതത്തെ സൃഷ്ടിക്കുന്നതെന്നതാണ്. മാനസികാശ്വാസത്തിനും നീതീകരണത്തിനുമുള്ള സാർവ്വലൗകികതട്ടകമായി മതം വർത്തിക്കുന്നുവെന്ന് മാർക്സ് പറയുന്നത് ഏതർത്ഥത്തിലാണ്? തലമുറ തലമുറയായി വേലചെയ്തു കഷ്ടപ്പെട്ട് പട്ടിണിയും ദുരിതങ്ങളുമല്ലാതെ യാതൊന്നും മനടാൻ കഴിയാതെ മനംനൊന്തു കഴിയുന്ന, ഭാവിയെക്കുറിച്ച് ഭയാശങ്കകളോടെ ജീവിക്കുന്ന ഈ ലോകത്തെ കോടിക്കണക്കിനു മനുഷ്യരുടെ ഒരു ഊന്നുവടിയായിത്തീർന്നിരിക്കുന്ന, 'ദൈവവിശ്വാസമെന്ന അത്താണി'യിൽനിന്നു ലഭിക്കുന്ന മാനസികാശ്വാസവും നീതീകരണവുമാണത് അതുകൊണ്ട് മതത്തിനെതിരായ

യഥാർത്ഥസമരം, മതത്തെ നിലനിർത്തുന്ന വിരുദ്ധവർഗ്ഗസംവിധാനത്തിനെതിരായ സമഗ്രമായ ജനകീയമുന്നേററമായിരിക്കണം.

മാർക്സിയൻ വചനങ്ങളെ സ്ഥാനത്തും അസ്ഥാനത്തും എടുത്തുദ്ധരിക്കുകയെന്നതു് മാർക്സിസം അംഗീകരിക്കുന്നുവെന്നവകാശപ്പെടുന്ന പെററിബൂർഷ്വാ ബുദ്ധിജീവികളുടേയും കേവലനിരീശ്വരവാദികളുടേയും ഒരു വിനോദമായിത്തീർന്നിരിക്കുന്നു. ഉദാഹരണത്തിനു്, മതം ജനങ്ങളുടെ മയക്കുമരുന്നാണെന്ന മാർക്സിന്റെ വാചകം പ്രധാന പ്രശ്നങ്ങളിൽനിന്നടർത്തിയെടുത്തു ഉദ്ധരിക്കുകയും തെററായ രീതിയിൽ വ്യാഖ്യാനിക്കുകയും ചെയ്യുന്നതു് മാർക്സിസ്റ്റ് വിരുദ്ധ യുക്തിവാദികൾക്കൊരു ഫാഷനാണു്. ഈ വാചകം ചൂണ്ടിക്കാണിച്ചുകൊണ്ടു് മതമാണു് ഏററവും വലിയ ശത്രുവെന്നു് ഇക്കൂട്ടർ പ്രഖ്യാപിക്കുന്നതു് കേൾക്കാറുണ്ടു്. മാർക്സ് പറഞ്ഞ ആ ഭാഗം മുഴുവനായ തന്നെ നമുക്കുനോക്കാം. ''മതപരമായ വേദന ഒരേ സമയംതന്നെ യഥാർത്ഥമായ വേദനയുടെ പ്രകടനവും അതിനെതിരായ പ്രതിഷേധവുമാണു്. അടിച്ചമർത്തപ്പെട്ട ജീവിയുടെ ആശ്വാസനിശ്വാസമാണതു്. ഹൃദയമില്ലാത്ത ഒരു ലോകത്തിന്റെ ഹൃദയം, ആത്മാവില്ലാത്ത (ചൈതന്യമില്ലാത്ത) ഒരു സ്ഥിതിവിശേഷത്തിന്റെ ആത്മാവു്. അതു് ജനങ്ങളുടെ മയക്കുമരുന്നാണു്.''

ഇവിടെ മാർക്സ് ചൂണ്ടിക്കാണിച്ച അടിച്ചമർത്തപ്പെട്ട ജീവിയുടെ യഥാർത്ഥവേദന ചൂണ്ടിക്കാണിക്കാതെ മയക്കുമരുന്നിനെക്കുറിച്ചുമാത്രം പറഞ്ഞാൽ അതു് പ്രശ്നങ്ങളെ കണ്ടില്ലെന്നു നടിക്കലാവും. അതായതു് മതം മയക്കുമരുന്നാണെന്നു് കേവലം വാചകമടിച്ചാൽ പോരാ; ജനങ്ങളുടെ അടിസ്ഥാനപരമായ ജീവിതപ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി പറയണം എന്നർത്ഥം.

നേരത്തെ ചൂണ്ടിക്കാണിച്ച വാചകങ്ങൾ പറഞ്ഞുനിർത്തുകയല്ല മാർക്സ് ചെയ്തതു്. മതത്തെ ഇല്ലാതാക്കേണ്ടതിന്റെ ആവശ്യമെന്തു്? മതത്തിനെതിരായ വിമർശനമെന്നാലെന്തു്? മാർക്സ് ഇങ്ങനെ തുടരുന്നു: ''ജനങ്ങളുടെ മിഥ്യയായ സുഖമെന്ന നിലയ്ക്കുള്ള മതത്തെ ഇല്ലാതാക്കേണ്ടതാവശ്യമാണു്.

അവരുടെ യഥാർത്ഥമായ സുഖത്തിനുവേണ്ടി. അതിൻെറ ഉപാധിയെപ്പററിയുള്ള വ്യാമോഹങ്ങരം ഉപേക്ഷിയ്ക്കണമെന്ന ആവശ്യം വ്യമോഹങ്ങരം ആവശ്യമായ ഒരു ഉപാധി ഉദപക്ഷിയ്ക്കണമെന്നാവശ്യപ്പെടലാണ് അതുകൊണ്ട് മതത്തെപ്പററിയുള്ള വിമർശനം, ബീജരൂപത്തിൽ, യാതൊന്നിൻെറ പ്രഭാമണ്ഡലമാണോ മതം, ആ കണ്ണീരിൻെറ താഴ്വരയെപ്പററിയുള്ള വിമർശനമാണ്.

ഇവിടെ മാർക്സ് വളരെ ഊന്നൽകൊടുത്തുകൊണ്ട് പറഞ്ഞ കാര്യങ്ങരം പ്രത്യേകം ശ്രദ്ധേയമാണ് യഥാർത്ഥസുഖത്തിനുവേണ്ടി മതത്തെ ഇല്ലായ്മ ചെയ്യണം. മതപരമായ വ്യാമോഹങ്ങരം ഉപേക്ഷിക്കണമെന്ന് വെറുതെയങ്ങ് പറഞ്ഞാൽ പോരാ വ്യാമോഹങ്ങരം നിലനിർത്തുന്ന ഇന്നത്തെ സാഹചര്യം മാററിമറിക്കണം. ഇതിനർത്ഥം മതപരമായ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും തുറന്നുകാണിക്കരുതെന്നല്ല. അങ്ങനെ തുറന്നുകാണിക്കുന്നതും സാഹചര്യത്തിനെതിരായ ഒരുതരം വിമർശനമാണ്. അതുമാത്രം പോരാ. ഇതെല്ലാം തഴച്ചുവളരുന്ന ഇന്നത്തെ ചൂഷണവ്യവസ്ഥിതി തകർത്തെറിയണം. പകരം ജനങ്ങളുടേതായ, വേലയെടുക്കുന്നവരുടേതായ, ഒരു നവലോകം കെട്ടിപ്പടുക്കണം.

തൊഴിലാളിവർഗ്ഗത്തിൻേറതായ മാർക്സിസ്ററ് നിരീശ്വരവാദ പ്രവർത്തനരംഗത്ത് 'നിരീശ്വരയുക്തിവാദി' പ്രസ്ഥാനത്തിലേയും മാർക്സിസ്ററ് പ്രസ്ഥാനത്തിലേയും ഒരു വിഭാഗം എടുക്കുന്ന നിലപാട് ഇന്ത്യയുടെ സമഗ്രപരിവർത്തനത്തിനുവേണ്ടിയുള്ള പോരാട്ടത്തിൻെറ പാതയിൽ വിലങ്ങുതടികരം സൃഷ്ടിക്കുകയാണ്. മതം നിലനില്ക്കുന്ന സാഹചര്യത്തിനെതിരായ ആശയസമരത്തിൻേറയും പ്രക്ഷോഭണങ്ങളുടേയും രംഗത്ത് കേവലയുക്തിവാദികളും 'നിരീശ്വരപ്രമാണി'മാരും അവരുടെ വൈതാളികരും പുറംതിരിഞ്ഞുനില്ക്കുന്നു; എന്നു മാത്രമല്ല, ജനകീയ സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലാൻ ശ്രമിക്കുന്ന ശക്തികരംക്ക് താങ്ങും തണലുമായി വർത്തിക്കുകയും ചെയ്യുന്നു. മറെറാരു ഭാഗത്ത് യഥാർത്ഥ കമ്മ്യൂണിസ്റ്റുകളെന്നവകാശപ്പെടുന്നവരിൽ ഒരു വിഭാഗം മതപരമായ ആശാസ്ത്രീയതകരംക്ക് ജനസ്വാധീനം

കൂട്ടുന്ന പ്രവർത്തനങ്ങളിലേർപ്പെടുന്നു. തൊഴിലാളി വർഗ്ഗത്തിന്റേതായ മാർക്സിസ്റ്റ് നിരീശ്വരവാദപ്രചരണത്തെപ്പോലും നിരുത്സാഹപ്പെടുത്തുന്നു. വർത്തമാനകാലത്തെ മതത്തിനെതിരായ യഥാർത്ഥസമരത്തിന്റെ (സാഹചര്യത്തിനെതിരായ സമരവും അതിന്നനുസൃതമായ ആശയസമരവും) പാതയിൽ അന്ധകാരം പരത്തുന്ന ദുഷ്പ്രവണതകളാണിതു്.

'ഫ്യൂഡലിസ'ത്തോടു സന്ധിചെയ്തുകൊണ്ടുള്ള മുതലാളിത്ത വികസനപാതയാണല്ലോ ഇന്ത്യൻ ബൂർഷ്വാസി പ്രധാന ഭരണ വർഗ്ഗമായിരിക്കുന്ന നമ്മുടെ രാജ്യത്ത് സ്വീകരിച്ചുകൊണ്ടിരിക്കുന്നത് ആധുനികശാസ്ത്രം നല്കുന്ന വിവേകപൂർവ്വമായ സാമ്പത്തിക–സാംസ്കാരിക വീക്ഷണത്തിനും വികാസത്തിനും ഇത് കനത്ത ഭീഷണിയാണ്. അതിനാൽ രാജ്യത്തു് സാമ്പത്തികരംഗത്തെ പ്രക്ഷോഭണങ്ങളും സാംസ്കാരികരംഗത്തെ പോരാട്ടങ്ങളും രൂക്ഷമായൊരു കാലത്തു്, വളർന്നുവരുന്ന ബഹുജനമുന്നേററത്തെ തടഞ്ഞുനിർത്തുവാനും ചൂഷണവ്യവസ്ഥ അരക്കിട്ടുറപ്പിക്കുവാനുംവേണ്ടി, രണ്ടുവർഷം നീണ്ടുനിന്ന ഒരു കാളരാത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഇന്ത്യയിലെ വാർത്താവിനിമയ മാർഗ്ഗങ്ങൾ അവർ ക്രൂരമായി ബലാത്സംഗം ചെയ്യുകയും, തങ്ങളുടെ പാദസേവ നടത്താൻ തയ്യാറില്ലാത്തവരെ കൽത്തുറുങ്കിലടയ്ക്കുകയും, യുവതീയുവാക്കളെ വേട്ടയാടുകയും, പാവപ്പെട്ടവർ താമസിക്കുന്ന ചേരി പ്രദേശങ്ങളിടിച്ചുനിരത്തുകയും, ഭാവിയുടെ വാഗ്ദാനങ്ങളായിരുന്ന ഒട്ടേറെപ്പേരെ കൂട്ടക്കൊല നടത്തുകയും ചെയ്തു. അടിയന്തിരാവസ്ഥയെന്ന കുത്തകവർഗ്ഗ സംരക്ഷണവ്യവസ്ഥയുടെ കാലഘട്ടമാണിവിടെ സൂചിപ്പിക്കുന്നത്. അക്കാലത്തു് കരുതൽ തടങ്കൽ നിയമമനുസരിച്ച് അന്നത്തെ യുക്തിവാദിസംഘം ജനറൽ സെക്രട്ടറിയെ അറസ്റ്റ് ചെയ്ത് ജയിലിലടച്ച് ഏതാനും ദിവസങ്ങൾക്കകം കേരളകൗമുദി തുടങ്ങിയ പത്രങ്ങളിൽ ഒരു പ്രസ്താവന കാണാനിടയായി. ചിന്താസ്വാതന്ത്ര്യത്തിന്റെ പേരും പേറി, നിർഭയനായിരിക്കൂ എന്നാഹ്വാനവും നൽകി, സ്വതന്ത്രചിന്തയുടെ തീപ്പന്തവുമേന്തി മുന്നോട്ടുകുതിക്കുന്നുവെന്നവകാശപ്പെടുന്ന അന്നത്തെ യുക്തിവാദിസംഘം പ്രസിഡന്റിന്റേതായിരുന്നു ആ പ്രസ്താവന. 'യുക്തിവാദികൾ അടി

യന്തിരാവസ്ഥയെ പിന്താങ്ങുന്നു'പോലും. അപ്പോൾ സ്വതന്ത്രചിന്ത എവിടെപ്പോയി? നിർഭയത്വം എവിടെയൊളിച്ചു? എന്തിനധികം പറയുന്നു! ഭരണകൂടത്തിൻെറ മർദ്ദനോപകരണങ്ങൾക്കുമുമ്പിൽ മഖസ്തുതി പറയാനല്ലാതെ ബൂർഷ്വാ യുക്തിവാദത്തിനും കേവലവാദത്തിനും കെല്പില്ല. '59-ലെ കുപ്രസിദ്ധമായ 'വിമോചനസമരത്തി'ൻെറ ശില്പികളേയും ശിങ്കിടികളേയും തങ്ങളുടെ സ്വതന്ത്രചിന്താവാദത്തിൻെറ വ്യക്താക്കളായിക്കാണുന്ന പാരമ്പര്യമാണല്ലോ ബൂർഷ്വായുക്തിവാദത്തിനുള്ളതു്! അവരുടെ യഥാർത്ഥമുഖം ഇവിടെ അനാവരണം ചെയ്യപ്പെടുന്നു.

സാമ്പത്തികാസമത്വത്തെക്കുറിച്ചു് മിണ്ടിപ്പോകരുതു്! രാഷ്ട്രീയരംഗത്തേക്കുറിച്ചു് ഒന്നുംതന്നെ ഉരിയാടരുതു്! ഇതെല്ലാം ഇന്നും നിരീശ്വരവാദപ്രസിദ്ധീകരണങ്ങളിൽ കാണാറുണ്ടു്. അടിയന്തിരാവസ്ഥയുടെ കാലത്തു് ഇന്ദിരാസൂക്തങ്ങൾ വലിയ പ്രാധാന്യത്തോടെ സ്ഥാനം പിടിച്ചിരുന്ന നിരീശ്വരവാദ പ്രസിദ്ധീകരണങ്ങൾ, നിഷ്പക്ഷതയുടെ മുഖംമൂടിയണിഞ്ഞു് വർഗ്ഗസമൂഹത്തിൽ ചൂഷകവർഗ്ഗത്തിനു് കൂട്ടുനിൽക്കുന്ന കാടൻ പ്രവണതകൾ, ജാതിയെയും മതത്തെയും തള്ളിപ്പറയുമെങ്കിലും സാമ്പത്തിക ജാതികളിൽ ഉപരിവർഗ്ഗത്തിൻെറ പക്ഷം പിടിക്കുകയും അടിസ്ഥാനവർഗ്ഗങ്ങൾക്കെതിരെ അങ്കം വെട്ടുകയും ചെയ്യുന്ന യുക്തിവൈകൃതങ്ങൾ, അരാഷ്ട്രീയവാദം, അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും വിമർശിച്ചു് പുരോഗമനവാദി ചമയുകയും എന്നാൽ സ്വന്തം ജീവിതത്തിൻെറ കാര്യംവരുമ്പോൾ അവയെ കെട്ടിപ്പുണരുകയും ചെയ്യുന്ന പകൽമാന്യന്മാർ—ഇതെല്ലാം ബൂർഷ്വാ യുക്തിവാദത്തിൻെറയും കേവലവാദത്തിൻെറയും വിവിധ മുഖങ്ങളാണു്.

മാർക്സിസ്റ്റ് യുക്തിവാദികൾ, മാർക്സിസം അംഗീകരിക്കുന്നുവെന്നവകാശപ്പെടുന്ന പെററി ബൂർഷ്വാ ബുദ്ധിജീവികൾ, ബൂർഷ്വാ യുക്തിവാദികൾ, കപട നിരീശ്വരവാദികൾ, കേവലവാദികൾ എന്നിവരാണു് ഇന്ത്യൻ യുക്തിവാദിപ്രസ്ഥാനത്തിൻെറ വർഗ്ഗപരമായ ഉള്ളടക്കത്തെക്കുറിച്ചു് പഠനം നടത്തുമ്പോൾ നമുക്ക കണ്ടെത്താൻ കഴിയുന്ന പ്രധാന ശക്തികൾ. പ്രസ്ഥാനത്തിനകത്തു നടക്കുന്ന രൂക്ഷമായ ആശയസം

ഘർഷത്തിന്റെയും പ്രവർത്തനങ്ങളുടേയും മേഖലയിൽ മാർക്സിസ്റ്റ് യുക്തിവാദികൾക്കെതിരായി മററു വിഭാഗങ്ങളെല്ലാം യോജിച്ചണിനിരക്കുകയാണ് പതിവ്. മററു പ്രദേശങ്ങളെ അപേക്ഷിച്ച് പ്രസ്ഥാനത്തിനകത്ത് മാർക്സിസ്റ്റ് യുക്തിവാദികൾക്ക് കേരളത്തിൽ ശക്തമായ സ്വാധീനമാണുള്ളത്.

മതത്തോടുള്ള മാർക്സിസം—ലെനിനിസത്തിന്റെ സമീപനത്തെക്കുറിച്ച് പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങളും വ്യാഖ്യാനങ്ങളും പ്രചരിപ്പിക്കപ്പെടുന്നുണ്ട്. മാർക്സിസ്റ്റുകാരും, മാർക്സിസം അംഗീകരിക്കുന്നുവെന്നവകാശപ്പെടുന്ന പെററിബൂർഷ്വാ ബുദ്ധിജീവികളും, കേവലയുക്തിവാദികളും ഇക്കാര്യത്തിൽ ശക്തമായ ആശയസമരം നടത്തിവരുന്നു. മതത്തോടുള്ള മാർക്സിയൻ നിലപാടിനെക്കുറിച്ച് ഏററവും ശരിയായ വിവരമുള്ളവർ തങ്ങളാണെന്ന ഭാവത്തിലാണ് നിരീശ്വര പ്രമാണിമാർ പ്രചാരവേല നടത്തുന്നത്.

മാർക്സിസം—ലെനിനിസം അംഗീകരിക്കുന്ന പാർട്ടികൾ വിശ്വാസികൾക്ക് അംഗത്വം നല്കുന്നത് മാർക്സിസ്റ്റ് വിരുദ്ധമാണെന്ന് ചിലർ ചൂണ്ടിക്കാണിക്കുന്നു. (നിരീശ്വരവാദ പ്രസിദ്ധീകരണങ്ങളിൽ ആസൂത്രിതമായി ഇത്തരം പ്രചാരവേല നടത്തുകയും, ഭൗതികവാദം അംഗീകരിക്കാത്ത പിന്തിരിപ്പൻ സംഘടനകളിൽ പ്രവർത്തിച്ചുകൊണ്ട് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കെതിരെ കടന്നാക്രമണം നടത്തുകയും ചെയ്യുകയെന്നത് നിരീശ്വര പ്രമാണിമാരുടെ വർഗ്ഗപരമായ പ്രത്യേകതയും ചരിത്രപരമായ ദൗത്യവുമാണ്) ഏററവും പ്രധാനപ്പെട്ട കാര്യം വിശ്വാസിയാണോ അല്ലയോ എന്നുള്ളതല്ലെന്നും വർഗ്ഗസമരവുമായി ബന്ധപ്പെടുന്ന മററുപല രൂക്ഷമായ പ്രശ്നങ്ങളുണ്ടെന്നും മാർക്സിസ്റ്റുകാർ വിശദീകരിക്കുന്നു. വിപ്ലവത്തിനുശേഷം മാത്രം നിരീശ്വരവാദപ്രചരണം നടത്താം എന്ന ഭാവം ചില 'കമ്മ്യൂണിസ്റ്റു'കാർക്കുണ്ട്. യാഥാർത്ഥ്യമെന്ത്? അതിന്റെ വിശദാംശങ്ങളെന്താണ്? മാർക്സിസം—ലെനിനിസത്തിന്റെ അടിസ്ഥാന ഗ്രന്ഥങ്ങളിൽനിന്നു തന്നെ നമുക്കതു മനസ്സിലാക്കാം.

''സോഷ്യലിസവും മതവും'' എന്ന പ്രബന്ധത്തിൽ (1905 ഡിസംബർ 3) ലെനിൻ ഇങ്ങനെ പറയുന്നു: ''സോ

ഷ്യലിസ്റ്റ് തൊഴിലാളി വർഗ്ഗത്തിന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം മതം ഒരു സ്വകാര്യവിഷയമല്ല. തൊഴിലാളി വർഗ്ഗത്തിന്റെ മോചനത്തിനുവേണ്ടി പൊരുതുന്ന വർഗ്ഗബോധമുള്ള മുന്നണിപ്പോരാളികളുടെ സംഘടനയാണ് നമ്മുടെ പാർട്ടി. മതവിശ്വാസങ്ങളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്ന വർഗ്ഗബോധമില്ലായ്മയോടും അജ്ഞതയോടും വിജ്ഞാനവിരോധത്തോടും അതുപോലൊരു സംഘടനയ്ക്ക് ഉദാസീനത കൈക്കൊള്ളാൻ നിവൃത്തിയില്ല. ഉദാസീനത കൈക്കൊള്ളുകയുമരുത്. മതത്തിന്റെ മൂടൽമഞ്ഞിനെതിരെ തനി ആശയപരമായ, ആശയപരം മാത്രമായ ആയുധങ്ങൾകൊണ്ട്—പത്രങ്ങളിലൂടെയും നാവുകൊണ്ടും—എതിർക്കാൻ കഴിയണം. അതുകൊണ്ടാണ് പള്ളിയെ ഭരണകൂടത്തിൽനിന്നു നിശ്ശേഷം വേർതിരിക്കണമെന്നു നാം ആവശ്യപ്പെടുന്നത്.'' ജാതി–മത വർഗ്ഗീയ ശക്തികളുടെ കൂത്തരങ്ങായ ഇന്ത്യയിൽ ''മതപരമായ മൂടൽ മഞ്ഞ്'' വിവിധ രൂപത്തിലും ഭാവത്തിലും അന്ധകാരം സൃഷ്ടിക്കുന്നു. ഇതിനെതിരായ ആശയസമരത്തിന്റെ പ്രാധാന്യമാണ് ലെനിൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ആശയസമരമെന്നത് ഒരു സ്വകാര്യ വിഷയമല്ലെന്നും മുഴുവൻ തൊഴിലാളി വർഗ്ഗത്തിന്റെയും കാര്യമാണതെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

''അങ്ങിനെയാണെങ്കിൽ നാം നാസ്തികരാണെന്ന് എന്തുകൊണ്ട് നമ്മുടെ പരിപാടിയിൽ പ്രഖ്യാപിക്കുന്നില്ല? ക്രിസ്ത്യാനികളും മറ്റു ദൈവവിശ്വാസികളും നമ്മുടെ പാർട്ടിയിൽ ചേരുന്നത് നാം എന്തുകൊണ്ടു വിലക്കുന്നില്ല?'' എന്നു സ്വയം ചോദിച്ചുകൊണ്ട് ലെനിൻ വിശദീകരിക്കുന്നത് നോക്കുക: ''ശാസ്ത്രീയമെന്നു മാത്രമല്ല ഭൗതികവാദപരം കൂടിയായ ലോകവീക്ഷണത്തിൽ പൂർണ്ണമായും അധിഷ്ഠിതമാണ് നമ്മുടെ പരിപാടി. അതുകൊണ്ട് മതപരമായ മൂടൽമഞ്ഞിന്റെ ചരിത്രപരവും സാമ്പത്തികവുമായ യഥാർത്ഥ ഉറവകളെക്കുറിച്ചുള്ള ഒരു വിശദീകരണം നമ്മുടെ പരിപാടിയെക്കുറിച്ചുള്ള വിശദീകരണത്തിൽ ആവശ്യമായും ഉൾപ്പെട്ടിരിക്കുന്നു. നാസ്തികത്വത്തിന്റെ പ്രചരണവും നമ്മുടെ പ്രചാരവേലയിൽ ആവശ്യമായും ഉൾപ്പെട്ടിരിക്കുന്നു. ഉചിതമായ ശാസ്ത്രീയസാഹിത്യത്തിന്റെ പ്രസാധനം ഇനിമേൽ നമ്മുടെ പാർട്ടിയുടെ പ്രവർത്തനരംഗങ്ങളിലൊന്നായിത്തീരണം.''

തുടർന്നു് ലെനിൻ പറയുന്ന കാര്യങ്ങൾ നമ്മുടെ സാഹചര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്. അദ്ദേഹം തുടരുന്നു: ''എന്നാൽ അമൂർത്തവും ആദർശവാദപരവുമായ മട്ടിൽ, വർഗ്ഗ സമരവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു ''ബൗദ്ധിക'' പ്രശ്നമെന്ന നിലയ്ക്കു്, മതത്തിന്റെ പ്രശ്നത്തെ അവതരിപ്പിക്കുകയെന്ന അബദ്ധത്തിൽ യാതൊരു കാരണവശാലും നാം ചെന്നു ചാടരുതു്. ബൂർഷ്വാസിക്കിടയിലെ തീവ്രവാദി—ജനാധിപത്യവാദികൾ ദുർല്ലഭമായിട്ടല്ലാതെ ചെയ്യുന്ന ഒരു പണിയാണിതു്. തൊഴിലാളിബഹുജനങ്ങളെ അന്തമില്ലാതെ മട്ടിക്കുന്നതിനെയും മുരടിപ്പിക്കുന്നതിനെയും അടിസ്ഥാനമാക്കിയ ഒരു സമുദായത്തിൽ കേവലം പ്രചരണമാർഗ്ഗങ്ങളിലൂടെ മതപരമായ മുൻവിധികൾ നീക്കാൻ കഴിയുമെന്നു കരുതുന്നതു് അസംബന്ധമാണു്. മനുഷ്യരാശിക്കു ചുമക്കേണ്ടിവരുന്ന മതത്തിന്റെ നുകം സമുദായത്തിനുള്ളിലെ സാമ്പത്തികനുകത്തിന്റെ സന്തതിയും പ്രതിഫലനവും മാത്രമാണെന്ന കാര്യം വിസ്മരിക്കുന്നതു് ബൂർഷ്വാസങ്കുചിതമനസ്ഥിതിയാണു്. മുതലാളിത്തത്തിന്റെ കറുത്ത ശക്തികൾക്കെതിരായ സ്വന്തം സമരത്തിലൂടെ തൊഴിലാളിവർഗ്ഗം പ്രബുദ്ധരാകുന്നില്ലെങ്കിൽ, എത്ര ലഘുലേഖ ഇറക്കിയാലും എത്ര പ്രചരണം നടത്തിയാലും അവർ പ്രബുദ്ധരാകാൻ പോകുന്നില്ല. ഭൂമിയിൽ പറുദീസ തീർക്കാൻവേണ്ടി മർദ്ദിതവർഗ്ഗം നടത്തുന്ന യഥാർത്ഥത്തിൽ വിപ്ലവകരമായ ഈ സമരത്തിലെ ഐക്യത്തെ, സ്വർഗ്ഗത്തിലെ പറുദീസയെക്കുറിച്ചുള്ള തൊഴിലാളിവർഗ്ഗത്തിന്റെ അഭിപ്രായൈക്യത്തേക്കാൾ കൂടുതൽ പ്രധാനമായി നാം കാണുന്നു. ഇതുകൊണ്ടാണു് നാം നമ്മുടെ പരിപാടിയിൽ നമ്മുടെ നാസ്തികത്വത്തെപ്പററി എടുത്തു പറയാത്തതും പറയരുതാത്തതും. ഇതുകൊണ്ടാണു് നാം പഴയ മുൻവിധികളുടെ ചില അവശിഷ്ടങ്ങൾ ഇപ്പോഴും മനസ്സിൽവെച്ചു പുലർത്തുന്ന തൊഴിലാളികളെ നമ്മുടെ പാർട്ടിയുമായി ബന്ധപ്പെടുന്നതിൽ നിന്നു വിലക്കാത്തതും വിലക്കരുതാത്തതും.'' ഇവിടെ ലെനിൻ വിശദീകരിക്കുന്ന കാര്യങ്ങൾക്കു് കടകവിരുദ്ധമായാണു് ബൂർഷ്വാ യുക്തിവാദികളും കേവലവാദികളും പ്രവർത്തിക്കുന്നതു്. കേവലം ഒരു 'ബൗദ്ധിക' പ്രശ്നമെന്ന നില

യിൽ, വർഗ്ഗസമരവുമായി യഥാർത്ഥ ബന്ധം തുറന്നുകാണിക്കാതെ ഇക്കൂട്ടർ മതത്തിന്റെ പ്രശ്നം അവതരിപ്പിക്കുന്നു. സാധാരണ വിശ്വാസികളെ മാർക്സിസ്റ്റ് പ്രസ്ഥാനത്തിൽനിന്നകററുന്നതിനുവേണ്ടി ബോധപൂർവ്വം നിരന്തരമായ കുപ്രചരണങ്ങളഴിച്ചുവിടുന്നു. ഏററവും പരമപ്രധാനമായ ജനകീയ പ്രശ്നങ്ങളിൽനിന്ന് ജനശ്രദ്ധ തിരിച്ചുവിടുന്നതിനുവേണ്ടി ഇവർ പലവിധത്തിലും ബോധപൂർവ്വം ശ്രമിക്കുന്നു. മാത്രമല്ല, മാർക്സിസ്റ്റ് പ്രസ്ഥാനത്തെ ഏററവും പ്രധാന ശത്രുവായി വ്യാഖ്യാനിച്ചുകൊണ്ട് നിരീശ്വരവാദ പ്രസിദ്ധീകരണങ്ങൾ, കൈത്തകപ്പത്രങ്ങൾ, ക്യാമ്പുകൾ, ചർച്ചായോഗങ്ങൾ, പൊതുയോഗങ്ങൾ തുടങ്ങിയ നിരവധി മാദ്ധ്യമങ്ങളിലൂടെ ബൂർഷ്വായുക്തിവാദികൾ നിലവിലിരിക്കുന്ന ചൂഷണവ്യവസ്ഥിതിക്കുവേണ്ടി പാദസേവ നടത്തുന്നു.

(മാർക്സിസ്റ്റ് വിരുദ്ധയുക്തിവാദികൾ തങ്ങളുടെ ചരിത്രപരമായ ദൗത്യം നിറവേററുന്നതിനുവേണ്ടി പുതിയ പുതിയ മേച്ചിൽ സ്ഥലങ്ങൾ തിരഞ്ഞുകൊണ്ടിരിക്കുകയാണ്. കപട നിരീശ്വരവാദികളും ബൂർഷ്വാ ഏജൻറുമാരുമായ ചില 'സ്വതന്ത്രചിന്താവാദ'ക്കാർ ഒരു രാഷ്ട്രീയപാർട്ടി തട്ടിപ്പടച്ചുണ്ടാക്കിയിരിക്കുന്നു. സുന്ദരമായൊരു പേരും അവരതിനു കണ്ടെത്തി: "പീപ്പിൾസ് ലിബറേഷൻ മൂവ്മെൻറ്." ജനങ്ങളുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾക്കുവേണ്ടിയുള്ള യാതൊരുവിധ കർമ്മപരിപാടികളും ഇക്കൂട്ടർക്കില്ല. സ്വാർത്ഥതാല്പര്യങ്ങളും മാർക്സിസ്റ്റ് വിരോധവുമാണിവരുടെ കൈമുതൽ. മാർക്സിസ്റ്റ് യുക്തിവാദികൾ ഇതിനെതിരെ ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു.)

മതവിരുദ്ധമായ ആശയപ്രചരണത്തിന്റെ പ്രാധാന്യവും ശാസ്ത്രീയ ലോകവീക്ഷണപ്രചരണത്തിന്റെ ആവശ്യകതയും ലെനിൻ വ്യക്തമാക്കുന്നുണ്ട്. അദ്ദേഹം തുടർന്നു പറയുന്നതു നോക്കൂ: "ശാസ്ത്രീയമായ ലോകവീക്ഷണം നാം എന്നും പ്രചരിപ്പിക്കും. വിവിധ "കൃസ്ത്യാനികൾ" പ്രകടിപ്പിക്കുന്ന സ്ഥിരതയില്ലായ്മയെ നാം ചെറുക്കേണ്ടതത്യാവശ്യവുമാണ്. എന്നുവെച്ച് മതപ്രശ്നത്തെ മുൻപന്തിയിലേക്കുകൊണ്ടുവരണ

മെന്നു് ഒട്ടും അർത്ഥമില്ല. അവിടെയല്ല അതിൻെറ സ്ഥാനം. യഥാർത്ഥത്തിൽ വിപ്ലവകരമായിട്ടുള്ള സാമ്പത്തിക—രാഷ്ട്രീയസമരത്തിൻെറ ശക്തികൾ മൂന്നാംകിട അഭിപ്രായങ്ങളുടേയും അർത്ഥമില്ലാത്ത ജല്പനങ്ങളുടേയും പേരിൽ ഭിന്നിച്ചുപോവാൻ നാം അനുവദിക്കണമെന്നും അർത്ഥമില്ല. ഈ അഭിപ്രായങ്ങളുടേയും ജല്പനങ്ങളുടേയും രാഷ്ട്രീയപ്രാധാന്യം അതിവേഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണു്. സാമ്പത്തികവികാസത്തിൻെറ ഗതിതന്നെ അവയെ അതിവേഗം ചപ്പുചവറായി തുത്തെറിയുകയാണു് ''

'യഥാർത്ഥത്തിൽ വിപ്ലവകരമായിട്ടുള്ള സാമ്പത്തിക രാഷ്ട്രീയസമരത്തിൻെറ ശക്തികളെ'' ഭിന്നിപ്പിക്കുകയെന്നതു് ബൂർഷ്വായുക്തിവാദികൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്ന വർഗ്ഗതാല്പര്യമാണു്. ഇതിനെതിരായ ലെനിൻെറ ആഹ്വാനം നാം ശ്രദ്ധിച്ചുപ്രവർത്തിക്കേണ്ടതാണു് സാധാരണ മതവിശ്വാസികളെ അപഹസിക്കൽ, കുത്തകപ്രമാണിമാരായ വിശ്വാസികളുമായുള്ള സൗഹാർദ്ദം തുടങ്ങിയവയെല്ലാം മാർക്സിസ്റ്റു് വിരുദ്ധയുക്തിവാദികളുടെ മുഖമുദ്രകളാണു്.

ഈ അവസരത്തിൽ വർഷങ്ങൾക്കുമുമ്പ് ഇ. എം. എസ്സ്. എഴുതിയ ''സാംസ്കാരികവിപ്ലവം, മതം, മാർക്സിസം'' എന്ന ഗ്രന്ഥത്തിലെ ചില വരികൾ ഓർമ്മയിൽ വരികയാണു്. അദ്ദേഹം പറയുന്നു: ''മതവിശ്വാസികളുമായുള്ള കൂട്ടുകെട്ടിനെയാണു് ബൂർഷ്വാ യുക്തിവാദി വെറുക്കുന്നതു്; മതവിരോധിയാണെങ്കിൽ ചൂഷകവർഗ്ഗത്തിൽപ്പെട്ടവരോടും അയാൾക്കു് സ്നേഹവും സാഹോദര്യവുമാണുള്ളതു്. വൈരുദ്ധ്യാത്മകഭൗതികവാദിയാകട്ടെ, ചൂഷകവർഗ്ഗങ്ങളുമായുള്ള സഹകരണത്തെയാണു വെറുക്കുന്നതു്; മതവിശ്വാസിയാണെങ്കിലും ചൂഷിതനോടു് സ്നേഹവും സാഹോദര്യവും; മതവിരോധിയാണെങ്കിലും ചൂഷകനോടു് വെറുപ്പും പകയും ഇതാണയാളുടെ നിലപാടു് '' നമ്മുടെ നാട്ടിലെ ബൂർഷ്വായുക്തിവാദവും. 'നിരീശ്വര—യുക്തിവാദ' പ്രസ്ഥാനത്തിലെ മാർക്സിസ്റ്റുകാർക്കൂടി ഉൾപ്പെടുന്ന ഇടതുപക്ഷപ്രസ്ഥാനവും ഈ വാചകങ്ങളുടെ പ്രസക്തി വ്യക്തമാക്കുന്നു

1909-ൽ ലെനിൻ എഴുതിയ ''മതത്തോടുള്ള തൊഴിലാളിവർഗ്ഗപ്പാർട്ടിയുടെ നിലപാടു്'' എന്ന പ്രബന്ധം ഇന്നാട്ടി

ലെ കമ്മ്യൂണിസ്റ്റുകാരും മററു നിരീശ്വരവാദികളും വളരെ ശ്രദ്ധയോടെ പഠിക്കുന്നതു് തങ്ങളുടെ ധീരമായ മുന്നേററത്തിനു് സഹായകമായിരിക്കും ആ പ്രബന്ധത്തിൽ ലെനിൻ പറയുന്നതു നോക്കൂ: ''നാം മതത്തോടു് ഏററുമുട്ടണം—അതാണു് എല്ലാ ഭൗതികവാദത്തിൻെറയും തൽഫലമായി മാർക്സിസത്തിൻെറയും ഹരിശ്രീ. എന്നാൽ ഹരിശ്രീയിൽ അവസാനിച്ച ഒരു ഭൗതികവാദമല്ല മാർക്സിസം. മാർക്സിസം അതും കടന്നു് മുന്നോട്ടുപോകുന്നു. അതു പറയുന്നു: മതത്തോടു് **എങ്ങനെ** ഏററുമുട്ടണമെന്നു് നമുക്കു് **അറിഞ്ഞിരിക്കണം.** അതു ചെയ്യാൻവേണ്ടി ബഹുജനങ്ങൾക്കിടയിൽ വിശ്വാസത്തിൻെറയും മതത്തിൻെറയും പ്രഭവസ്ഥാനമേതെന്നു് **ഭൗതികവാദപരമായി** നാം വിശദീകരിക്കണം. മതത്തോടുള്ള ഏററുമുട്ടൽ അമൂർത്തമായ പ്രത്യയശാസ്ത്രപ്രബോധനത്തിൽ ഒതുക്കിനിർത്താൻ കഴിയില്ല, അത്തരം പ്രബോധനമായി അതിനെ തരംതാഴ്ത്തിക്കൂടാ. വർഗ്ഗപ്രസ്ഥാനത്തിൻെറ മൂർത്തമായ പ്രവർത്തനവുമായി അതിനെ കൂട്ടിയിണക്കേണ്ടതാണു്. മതത്തിൻെറ സാമൂഹ്യവേരുകൾ പിഴുതുകളയുകയാണു് ഈ പ്രവർത്തനത്തിൻെറ ഉദ്ദേശം.''

എന്തുകൊണ്ടാണു് ചൂഷിതരായ ബഹുജനകോടികളിൽ മതത്തിൻെറ പിടി നിലനിർത്താൻ കഴിയുന്നതു് എന്ന ചോദ്യത്തോടു് ലെനിൻ പ്രതികരിക്കുന്നതു് നോക്കൂ: ''ജനങ്ങളുടെ അജ്ഞതകാരണം എന്നാണു് ബൂർഷ്വാ പുരോഗമനവാദികളും തീവ്രവാദികളും ഭൗതികവാദികളും ബൂഷ്വാ ഭൗതികവാദികളും തരുന്ന മറുപടി. അതുകൊണ്ടു് 'മതം നശിക്കട്ടെ! നാസ്തികത നീണാൾ വാഴട്ടെ! നാസ്തികവീക്ഷണം പ്രചരിപ്പിക്കലാണു് നമ്മുടെ മുഖ്യകടമ!'' എന്നവർ വിളിച്ചു കൂവുന്നു. ഇതു ശരിയല്ലെന്നും ഇതു് തൊലിപ്പുറമെയുള്ള വീക്ഷണമാണെന്നും ഇടുങ്ങിയ ബൂഷ്വാ ഉദ്ധാരകരുടെ വീക്ഷണമാണെന്നും മാർക്സിസ്റ്റുകാർ പറയുന്നു. മതത്തിൻെറ വേരുകൾ ഏതൊക്കെയാണെന്നു് ഇതു് വേണ്ടത്ര അവഗാഢമായി വിശദീകരിക്കുന്നില്ല. അതവയെ വിശദീകരിക്കുന്നതുതന്നെ ഭൗതികവാദപരമായിട്ടല്ല, ആശയവാദപരമായിട്ടാണു്'' തൊഴിലാളികളുടേയും മററു അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടേയും ജീവിതത്തിലെ ഓരോ കാൽവെപ്പിലും അനുഭവപ്പെടുന്ന ദുസ്സഹമായ കഷ്ടപ്പാടുകളും, പാപ്പരാ

കൽ, നശീകരണം, വ്യഭിചാരം, പട്ടിണിമരണംഎന്നിവ അടിച്ചേൽപിക്കമെന്നു് ഭീഷണിപ്പെടുത്തുന്നതും അടിച്ചേല്പിക്കുന്നതുമായ ശക്തിയാണു് ആധുനികമതത്തിൻെറ വേരെന്നു് ലെനിൻ വിശദമാക്കി. ശിശുവിദ്യാലയത്തിലെ ഭൗതികവാദിയായി തുടരണമെന്നാഗ്രഹിക്കാത്തവർ പ്രഥമവും പ്രധാനവുമായി ഇതറിഞ്ഞിരിക്കണമെന്നദ്ദേഹം തറപ്പിച്ചു പറയുന്നു ഈ സ്ഥിതി അവസാനിപ്പിക്കുന്നതിനു് എല്ലാ രൂപങ്ങളിലുമുള്ള മുതലാളിത്ത ഭരണത്തോടു് യോജിച്ചും സംഘടിതമായും ആസൂത്രിതമായും ബോധപൂർവ്വമായും അടരാടാൻ അദ്ദേഹം ബഹുജനങ്ങളോടു് ആഹ്വാനം ചെയ്തു.

ഈ ഭൂമിയിലുള്ള കാലത്തോളം അടങ്ങിയൊതുങ്ങി ക്ഷമയോടെ ജീവിക്കണമെന്നും സ്വർഗ്ഗീയ പാരിതോഷികത്തിൻെറ പ്രതീക്ഷയിൽ ആശ്വാസം കൊള്ളണമെന്നുമാണു് ജീവിതകാലം മുഴുവൻ പാടുപെട്ടു് പട്ടിണിയും പരിവട്ടവുമായി കഴിയുന്നവരോടു് മതം അനുശാസിക്കുന്നതെന്നു് മാർക്സിസം-ലെനിനിസം തുറന്നുകാണിക്കുന്നു. മററുള്ളവരുടെ അദ്ധ്വാനത്തിൻെറ പുറത്തു് ജീവിക്കുന്നവരോടു് ഭൂമിയിലുള്ള കാലത്തു് ദാനധർമ്മങ്ങൾ അനുഷ്ഠിക്കണമെന്നനുശാസിക്കുന്ന മതം ചൂഷകരെന്ന നിലയ്ക്കുള്ള അവരുടെ ജീവിതത്തെയാകെ ന്യായീകരിക്കാനുള്ള ഒരു ലാഭകരമായ വഴി അവർക്കുണ്ടാക്കിക്കൊടുക്കുകയാണെന്നു് മാർക്സിസം വ്യക്തമാക്കുന്നു. ''സ്വന്തം നിത്യജീവിതത്തെ നിയന്ത്രിക്കുന്ന ബാഹ്യശക്തികളുടെ മനുഷ്യരുടെ മനസ്സിലുള്ള കാല്പനികമായ പ്രതിഫലനം-ഭൗമശക്തികൾ അതിമാനുഷ ശക്തികളുടെ രൂപം കൈക്കൊള്ളുന്ന ഒരു പ്രതിഫലനം—അല്ലാതെ മററൊന്നുമല്ല മതമെന്നു് മാർക്സിസം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ''മൂലധനത്തിൻെറ അടിമകൾ അവരുടെ മാനുഷിക മുഖഛായയും ഏറെക്കുറെ മനുഷ്യോചിതമായി ജീവിക്കണമെന്നുള്ള അവരുടെ ആവശ്യവും മുക്കിക്കളയുന്ന ഒരുതരം ആത്മീയ മയക്കമരുന്നാണു് മത''മെന്നു് ലെനിനും വ്യക്തമാക്കി.

17-ഉം 18-ഉം നൂററാണ്ടുകളിലെ ഇംഗ്ലീഷ് ഫ്രഞ്ച് ഭൗതികവാദികളും മററും നടത്തിയ ഭൗതികവാദപരവും, നിരീശ്വരവാദപരവുമായ സേവനങ്ങൾ മാർക്സും ഏംഗൽസും ലെനിനും ഊന്നിപ്പറഞ്ഞു അതോടൊപ്പംതന്നെ, ബൂർഷ്വാ യുക്തിവാദത്തിൻെറ വർഗ്ഗപരമായ പരിമിതികൾ, സങ്കുചിത നില

പാട്, അസ്ഥിരത, നിഷ്ക്രിയത്വം, മതത്തിന്റെ സാമൂഹ്യവേരുകൾ തുറന്നുകാണിക്കാൻ അതിനുള്ള കഴിവില്ലായ്മ തുടങ്ങിയവ അവർ തുറന്നുകാണിക്കുകയും അതിനെ അതിശക്തമായി വിമർശിക്കുകയും ചെയ്തു.

ആശയപ്രചരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മാർക്സിസം—ലെനിനിസത്തിന് വ്യക്തമായ അഭിപ്രായങ്ങളുണ്ട്. മുൻപറഞ്ഞ ലേഖനത്തിൽത്തന്നെ ലെനിൻ പറയുന്നു: ''മതത്തിനെതിരായ പാഠപുസ്തകങ്ങൾ ദോഷകരമോ അനാവശ്യമോ ആണെന്നാണോ ഇതിനർത്ഥം? അല്ല, ഒരിക്കലുമല്ല. സോഷ്യൽ ഡെമോക്രസിയുടെ നിരീശ്വരത്വ പ്രചരണം അതിന്റെ മൗലിക കടമക്കു—ചൂഷകർക്കെതിരായ **ബഹുജനങ്ങളുടെ** വർഗ്ഗസമരം വളർത്തിയെടുക്കൽ—**യോജിച്ചതായിരിക്കണം** എന്നാണിതിനർത്ഥം'' ഈ സിദ്ധാന്തത്തിനെതിരെ ഇന്ത്യയിലെ ബൂർഷ്വായുക്തിവാദികളും കേവലവാദികളും മററും ആസൂത്രിതമായ കുപ്രചരണങ്ങളഴിച്ചുവിടുന്നുണ്ട് ചൂഷകർക്കെതിരെ **ബഹുജനങ്ങളുടെ** വർഗ്ഗസമരം വളർന്നുവരുന്നത് ഇക്കൂട്ടരുടെ വർഗതാല്പര്യങ്ങൾക്കു വിരുദ്ധമാണല്ലോ. ജാതിയുടേയും മതത്തിന്റേയും പേരിൽ തൊഴിലാളികളെ ഭിന്നിപ്പിക്കുകയും തമ്മിലടിപ്പിക്കുകയും ചെയ്യുന്ന വർഗീയശക്തികൾ വർഗ്ഗസമുദായത്തിലെ ഉപരിവർഗ്ഗപക്ഷപാതികളാണ്. മറെറാരുവശത്ത് വർഗ്ഗസമരസഖാക്കളായ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ ദൈവമുണ്ടോ ഇല്ലയോ എന്നതിന്റെ അടിസ്ഥാനത്തിൽ ഭിന്നിപ്പിക്കാനും തമ്മിലടിപ്പിക്കാനും കിണഞ്ഞുശ്രമിക്കുകയും അതുവഴി ചൂഷണവ്യവസ്ഥിതി നിലനിർത്താൻ യുക്തിവാദപ്രസ്ഥാനത്തെ കരുവാക്കുപയോഗിക്കാനുമുള്ള ബൂർഷ്വായുക്തിവാദതന്ത്രത്തെ പരാജയപ്പെടുത്തേണ്ടതു് പുരോഗമനവാദികളായ യുക്തിചിന്തകരുടെ ചരിത്രപരമായ കടമയാണ്.

ഏതു വിധമായാലും ദൈവത്തിനെതിരായ യുദ്ധം വേണമെന്നു പ്രചരിപ്പിക്കുന്ന അരാജകവാദി ഫലത്തിൽ പുരോഹിതന്മാരേയും ബൂർഷ്വാസിയേയുമാണ് സഹായിക്കുന്നതെന്നഭിപ്രായപ്പെടുന്ന ലെനിൻ അതോടൊപ്പം തന്നെ ചൂണ്ടിക്കാണിക്കുന്ന സംഗതികൾ നമ്മുടെ നാട്ടിലെ കമ്മ്യൂണിസ്റ്റ് സഖാക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്. ലെനിൻ പറയുന്നു: ''മതത്തിനെതിരായ സമരത്തിനുനേരെ കണ്ണടക്കുകയും, ഈ സമരം തന്റെ കടമയാണെന്നു മറക്കുകയും, ദൈവവിശ്വാസത്തോട് സ്വയം

പൊരുത്തപ്പെടുകയും വർഗ്ഗസമരത്തിൻെറ താല്പര്യങ്ങൾക്കു പകരം ആരെയും മുഷിപ്പിക്കരുത്, തിരിച്ചടിക്കരുത്, പേടിപ്പിച്ചുകററരുത് എന്ന നിസ്സാരവും നീചവുമായ പരിഗണനയാൽ ('ജീവിക്കുക' ജീവിക്കാൻ അനുവദിക്കുക എന്ന സന്യാസിനിയമം) നയിക്കപ്പെടുകയും മററും മററും ചെയ്യുന്ന പെററിബൂർഷ്വാസിയുടെയോ ലിബറൽ ബുദ്ധിജീവിയുടെയോ പണ്ഡിതമൂഢത്വത്തിനും അവസരവാദിത്വത്തിനും നാം കീഴടങ്ങരുത്.'' ഈ ആഹ്വാനം പൂർണ്ണമായി ഉൾക്കൊള്ളാനും ഇന്ത്യൻ യുക്തിവാദപ്രസ്ഥാനത്തെ ശരിയായി വിലയിരുത്താനും അതിലെ പുരോഗമനശക്തികൾക്ക് മാർക്സിയൻ കാഴ്ചപ്പാടിൻെറ അടിസ്ഥാനത്തിൽത്തന്നെ ആവശ്യമായ സഹകരണം നല്കാനും ഇന്ത്യൻ മാർക്സിസ്റ്റ് പ്രസ്ഥാനം പൂർണ്ണമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

യാന്ത്രികവാദത്തിനെതിരായ സമരത്തിലും നമുക്ക് ഒട്ടേറെ കാര്യങ്ങൾ പ്രവർത്തിക്കാനുണ്ട്. മാർക്സിസത്തിൻെറ ലേബലണിഞ്ഞുകൊണ്ടുള്ള യാന്ത്രികവാദം ഇവിടെ പ്രചരിപ്പിക്കപ്പെടുന്നു. ത്യാഗം എന്നതു് യുക്തിസഹമല്ലെന്നും ഏതു വിധേനയും സുഖിക്കുകയെന്നതാണ് തങ്ങളുടെ ജീവിതലക്ഷ്യമെന്നും പ്രഖ്യാപിക്കുന്ന കപടനിരീശ്വരവാദികൾ എത്രയോ അപകടകാരികളാണ്!

മതത്തെ കൈകാര്യം ചെയ്യേണ്ടതെങ്ങനെയെന്ന പ്രായോഗികപ്രശ്നം താത്വികാടിസ്ഥാനത്തിൽതന്നെ വിശദമാക്കിയിട്ടുള്ള ലെനിൻെറ മുൻസൂചിപ്പിച്ച ലേഖനത്തിലെ മററൊരു പ്രധാന കാര്യം ഇവിടെ ചൂണ്ടിക്കാണിക്കട്ടെ: ''നമ്മുടെ സാധാരണ പാർട്ടിപ്രവർത്തനത്തിനു് പങ്കെടുക്കാൻ ഒരു പുരോഹിതൻ മുന്നോട്ടു വരികയും പാർട്ടി പരിപാടിയെ എതിർക്കാതെ പാർട്ടി കടമകൾ ബോധപൂർവ്വം ആത്മാർത്ഥമായി നടപ്പാക്കുകയുമാണെങ്കിൽ അയാളെ സോഷ്യൽ ഡെമോക്രാററുകാരുടെ അണിയിൽ ചേർക്കാവുന്നതാണ്. കാരണം, നമ്മുടെ പരിപാടിയുടെ അന്തസ്സത്തയും തത്വങ്ങളും പുരോഹിതൻെറ മതപരമായ വിശ്വാസങ്ങളും തമ്മിലുള്ള വൈരുദ്ധ്യം അത്തരം ചുററുപാടുകളിൽ അയാളെമാത്രം സംബന്ധിക്കുന്ന ഒന്നാണ്, അയാളുടെ സ്വകാര്യവൈരുദ്ധ്യമാണ്''...... ഒരു പുരോഹിതൻ സോഷ്യൽ ഡെമോക്രാററിക് പാർട്ടിയിൽ ചേരുകയും പാർട്ടിക്കുള്ളിൽ മതപരമായ വീക്ഷണം സജീവമായി പരത്തുന്ന ഒരൊററ പ്രവർത്തനത്തിൽമാത്രം ഏർപ്പെടുകയും ചെയ്യുന്നപക്ഷം അയാളെ പാർട്ടിയുടെ അണിയിൽനിന്നു് പുറത്താക്കേണ്ടിവരുമെന്ന കാര്യത്തിൽ സംശയമില്ല. ദൈവ

വിശ്വാസം പുലർത്തുന്നവരെ നമ്മുടെ പാർട്ടിയിൽ നാം പ്രവേശിപ്പിക്കണമെന്നു മാത്രമല്ല, ബോധപൂർവ്വം അത്തരക്കാരെ ചേർക്കാൻ നാം ശ്രദ്ധിക്കുകയും വേണം; അവരുടെ മതവിശ്വാസങ്ങളെ ലഘുവായിപ്പോലും വ്രണപ്പെടുത്തുന്നതിനു നാം തികച്ചും എതിരാണു്; നാം അവരെ പാർട്ടിയിൽ ചേർക്കുന്നതു് നമ്മുടെ പരിപാടിയുടെ അന്തസ്സത്ത അവരെ പഠിപ്പിക്കാനാണു്, അതിനെതിരായ സജീവസമരം നടത്താൻ അവരെ അനുവദിക്കാനല്ല'' ആയിരക്കണക്കിനു വർഷങ്ങളായി നിലനില്ക്കുന്ന പുരോഗതിയുടെ ശത്രുവായ മതത്തെ നിലനിർത്തുന്ന സാഹചര്യത്തിനെതിരായ സമരം രൂപപ്പെടുത്തിയെടുക്കുന്നതിനുള്ള ജനകീയ ദർശനമാണു് ലെനിൻ അവതരിപ്പിക്കുന്നതു്. ബഹുജനങ്ങളുടെ നാനാമുഖമായ പ്രശ്നങ്ങളിൽനിന്നു് മതത്തിൻെറ പ്രശ്നത്തെമാത്രം അടർത്തിയെടുത്തു് യാന്ത്രികമായി വാദിക്കുന്നവർക്കു് ഇതു് ദഹിക്കുകയില്ല. പരിഹാരം നിർദ്ദേശിക്കാതെയുള്ള കേവലനിഷേധം കേവലവാദികളുടെ മുഖമുദ്രയാണല്ലോ.

യുക്തിവാദപ്രസ്ഥാനത്തിലെ ബൂർഷ്വാ സ്വാധീനവും പിന്തിരിപ്പൻ പ്രവണതകളുംമാത്രം കാണുന്നതു് ഒരു വൈരുദ്ധ്യാധിഷ്ഠിതഭൗതികവാദിക്കു ചേർന്നതല്ല. അവിടെ പുരോഗമനപ്രവണതകളുണ്ടു്. മാർക്സിസ്റ്റു് നിരീശ്വരവാദപ്രചരണത്തിൻെറ കേന്ദ്രങ്ങളുണ്ടു്. 'ബൂർഷ്വാസിക്കിടയിലെ പുരോഗമനവാദി'കളുമായി ഒരു പരിധിവരെ മുന്നോട്ടുപോകാൻ കഴിയുമെന്ന കാര്യവും ശ്രദ്ധിക്കേണ്ടതുണ്ടു്. സാംസ്കാരികരംഗത്തെ ഐക്യമുന്നണി എന്ന ജനകീയാശയം ഉയർത്തിപ്പിടിച്ചുകൊണ്ടു് ജാതിമതവർഗ്ഗീയശക്തികൾക്കെതിരായും, ഹരിജന-ഗിരിജന മർദ്ദനങ്ങൾ, വർഗ്ഗീയ കലാപങ്ങൾ, അയിത്തം, സവർണ്ണമേധാവിത്തം തുടങ്ങിയ ഒട്ടനവധി ദുഷ്പ്രവണതകൾക്കെതിരായും പോരാടുവാൻ ഇടതുപക്ഷപുരോഗമന പാർട്ടികളും, ശാസ്ത്രസാഹിത്യപരിഷത്തു്, പുരോഗമനകലാ–സാംസ്കാരിക സംഘടനകൾ, യുക്തിവാദിസംഘം, മിശ്രവിവാഹസംഘം തുടങ്ങിയ പുരോഗമനശക്തികളും സജീവമായി രംഗത്തുവരേണ്ടിയിരിക്കുന്നു.

മതത്തിൻെറ മയക്കത്തിൽനിന്നു് ജനങ്ങളെ തട്ടിയുണർത്തുന്നതിനു് മാർക്സിസത്തിൻെറ വിരസവും ശുഷ്കവുമായ പരാവർത്തനങ്ങളേക്കാൾ 18-ാം നൂററാണ്ടിലെ പഴയ നിരീശ്വരവാദികളുടെ നിശിതവും ഓജസ്സുററതും പ്രതിഭാസമ്പന്നവു

മായ കൃതികരം ഉപയുക്തമാണെന്നു് ''ഉശിരൻ ഭൗതികവാദത്തിന്റെ പ്രാധാന്യത്തെപ്പററി'' എന്ന ലേഖനത്തിൽ ലെനിൻ അഭിപ്രായപ്പെടുകയുണ്ടായി. ആ ലേഖനത്തിൽ (1922 മാർച്ച് 12) ലെനിൻ രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക: ''ആധുനിക സമുദായം ഇരുട്ടിലും അജ്ഞതയിലും അന്ധവിശ്വാസങ്ങളിലും തള്ളിവിട്ടിട്ടുള്ള കോടാനുകോടി ജനങ്ങരംക്കു് (വിശേഷിച്ച് കർഷകർക്കും കൈവേലക്കാർക്കും) തനി മാർക്സിസ്റ്റ് വിദ്യാഭ്യാസത്തിന്റേതായ നേർവഴിയിലൂടെ മാത്രമേ പുറത്തു കടക്കാൻ കഴിയൂ എന്നു കരുതുന്നതു് ഒരു മാർക്സിസ്റ്റുകാരനു പിണയാവുന്നതിൽവച്ച് ഏററവും ഭീമവും ഗുരുതരവുമായ തെററാണു്. നിരീശ്വരവാദ പ്രചരണത്തിനുവേണ്ടി അങ്ങേയററം വൈവിദ്ധ്യമാന്ന വിവരങ്ങരം ഈ ബഹുജനങ്ങരംക്കു നല്കണം. ജീവിതത്തിന്റെ നാനാതുറകളിൽനിന്നുമുള്ള വസ്തുതകരം അവർക്കു പരിചയപ്പെടുത്തിക്കൊടുക്കണം. സാദ്ധ്യമായ എല്ലാവഴിക്കും സമീപിച്ചുകൊണ്ടു് അവരിൽ താല്പര്യമുളവാക്കണം. മതത്തിന്റെ മയക്കത്തിൽനിന്നു് അവരെ തട്ടിയുണർത്തണം. അങ്ങേയററം വ്യത്യസ്തങ്ങളായ കോണുകളിൽനിന്നും അങ്ങേയററം വ്യത്യസ്തങ്ങളായ മാർഗങ്ങളിലൂടെയും അവരെ കർമ്മനിരതരാക്കണം'' ഈ ചരിത്രഘട്ടത്തിൽ, ലെനിന്റെ ഈ ആഹ്വാനം ഉരംക്കൊള്ളുകയും ഒരു പരിധിവരെ അതു് നിർവ്വഹിക്കുകയും ചെയ്യുന്നതിൽ യുക്തിവാദ പ്രസ്ഥാനം വിജയിച്ചിരിക്കുന്നു.

18–ാം നൂററാണ്ടവസാനത്തിൽ പുറത്തുവന്ന ഉശിരൻ നിരീശ്വരവാദസാഹിത്യം പരിഭാഷപ്പെടുത്തി ജനങ്ങരംക്കിടയിൽ വിപുലമായി വിതരണം ചെയ്യണമെന്നാഹ്വാനം ചെയ്ത ഏംഗരംസിന്റെയും, മനുഷ്യരുടെ യഥാർത്ഥമായ സുഖത്തിനുവേണ്ടി, മിഥ്യയായ സുഖമെന്ന നിലയ്ക്കുള്ള മതത്തെ ഇല്ലായ്മ ചെയ്യേണ്ടതാവശ്യമാണെന്നും നിരീശ്വരവാദ പ്രചരണം നമ്മുടെ കടമയാണെന്നും പറഞ്ഞ മാർക്സിന്റെയും, ചൂഷകർക്കെതിരായ ചൂഷിത ബഹുജനങ്ങളുടെ വർഗ്ഗസമരം വളർത്തിയെടുക്കത്തക്ക രീതിയിൽ മതത്തിനെതിരായ സമരം നടത്തണമെന്നുദ്ബോധിപ്പിച്ച ലെനിന്റെയും ഉപദേശങ്ങരം നമ്മുടെ നാട്ടിലെ കമ്മ്യൂണിസ്റ്റുകാർ നടപ്പിലാക്കുന്നുണ്ടോ?

വിവിധ കമ്മ്യൂണിസ്റ്റു പാർട്ടികരം സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങരം മാർക്സിസ്റ്റു ചിന്താഗതിക്കനുസൃതമായി വേണ്ടത്ര മുന്നോട്ടുനീക്കുന്നില്ല. ശാസ്ത്രീയമായ വിവരങ്ങരം ബഹുജനങ്ങളിലെത്തിക്കുന്നതിനാവശ്യമായ പഠന ക്ലാസ്സു

കളും, ആശയപ്രചരണവും നടത്തുന്നതിൽ ഈ പാർട്ടികൾ പോലും വേണ്ടത്ര ഉണർന്നു പ്രവർത്തിക്കുന്നില്ല ജാതിമത വിഭാഗീയ പ്രവണതകൾക്കെതിരായ സമരം നടത്തുന്ന യുക്തിവാദപ്രസ്ഥാനത്തെ അനവസരത്തിലും നിർദ്ദയമായി വിമർശിക്കുവാൻ, ഇവർ സ്വന്തം കടമ നിർവ്വഹിക്കാതെ തുനിയുന്നതിൽ മാർക്സിസത്തിന്റെ നിഷേധമാണ് പ്രകടമാകുന്നേതു്. എല്ലാ ജാതിമതങ്ങളിലുംപ്പെട്ട സാധാരണക്കാരെ മുന്നിൽ കണ്ടുകൊണ്ട് കേരള യുക്തിവാദിസംഘം നടത്തിയ '77ലെ ഗുരുവായൂർ സത്യാഗ്രഹത്തെ കടന്നാക്രമിച്ച അമ്പലഗുണ്ടകൾക്കെതിരെ നടപടിയെടുക്കാനോ ആ സംഭവത്തെക്കുറിച്ച് ഒരു പരസ്യാന്വേഷണം നടത്താനോ ഒരു 'കമ്മ്യൂണിസ്റ്റ്' പാർട്ടിക്ക് 'സജീവ' പങ്കാളിത്തമുണ്ടായിരുന്ന അന്നത്തെ സർക്കാരിനു കഴിഞ്ഞില്ല. എന്തിനധികം!, ആ സംഭവം അസംബ്ലിയിലുന്നയിക്കാൻ ഒരിടതുപക്ഷ പാർട്ടിയും ശ്രദ്ധിച്ചില്ല. കെ വൈ. എസ് നടത്തിയ അഖിലകേരള ജാതിവിരുദ്ധ ജാഥയെ വിമർശിച്ചതിലൂടെ ഒരു മാർക്സിസ്റ്റു വാരിക ജാതിക്കെതിരായ ആശയസമരത്തിന്റെയും പ്രചരണത്തിന്റെയും പ്രാധാന്യം പൊതുജനസമക്ഷം ലഘൂകരിച്ചു കാണുകയുമാണ് ചെയ്തതു്. ഇത്തരം മാർക്സിസ്റ്റ് വിരുദ്ധ സമീപനങ്ങളെല്ലാം ഉപേക്ഷിച്ച്, വർഗസമരത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും ജനകീയ മുന്നേററത്തിനും സഹായകമായ വിധത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾ നിരീശ്വര യുക്തിവാദ–മിശ്രവിവാഹ പ്രസ്ഥാനങ്ങളുമായി പൂർവ്വാധികം സഹകരിക്കേണ്ടതാണ്.

അതോടൊപ്പംതന്നെ നാനാവിധ പ്രശ്നങ്ങളിൽനിന്നു് മതത്തിന്റെ പ്രശ്നം മാത്രം ഉയർത്തിക്കാണിക്കുകയും, അതാണ് ഏററവും വലിയ ശത്രുവെന്നും അതിനെതിരായ പ്രചരണമാണ് ഏററവും മർമ്മപ്രധാനമെന്നുള്ള മുടന്തൻ കേവലവാദങ്ങളുപേക്ഷിച്ച്, മതപരമായ മൂഢതകൾക്കെതിരായ പോരാട്ടങ്ങൾ നടത്തുന്നതോടൊപ്പം, അവയെ നിലനിർത്തുന്ന വ്യവസ്ഥിതിയുടെ യഥാർത്ഥരൂപം തുറന്നുകാണിക്കുകയും, വർഗബോധം വർദ്ധിപ്പിച്ച് ബഹുജനകോടികളെ യഥാർത്ഥമോചനത്തിലേക്ക് നയിക്കാനുമുള്ള പ്രവർത്തനങ്ങളിൽ മാർക്സിസ്റ്റ് പ്രസ്ഥാനവുമായി സഹകരിച്ച് നിരീശ്വര-യുക്തിവാദ-മിശ്രവിവാഹ പ്രസ്ഥാനങ്ങളും പ്രവർത്തിക്കണം. അതു് ഭൂമിയിലുമൊരു സ്വർഗ്ഗം പണിയുവാൻ അത്യന്താപേക്ഷിതമാണ്. ○

# മതം മാർക്സിസം യുക്തിവാദം

## സി. ബി. എസ്. മണി

മതത്തോടുള്ള മാർക്സിസം ലെനിനിസത്തിന്റെ സമീപനമെന്താണ്? തൊഴിലാളി വർഗ്ഗത്തിന്റേതായ മാർക്സിസ്റ്റ് നിരീശ്വരവാദത്തിന്റെ താത്വികാടിസ്ഥാനമെന്ത്? അതിന്റെ പ്രസക്തിയും പ്രാധാന്യവുമെന്താണ്? ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം യഥാർത്ഥ മാർക്സിയൻ കാഴ്ചപ്പാടനുസരിച്ചാണോ മതത്തെ നേരിടുന്നത്? മതങ്ങളുടെ സാമൂഹ്യവിരുദ്ധ പ്രവണതകളെന്തെല്ലാം? തുടങ്ങിയ ഒട്ടനവധി പ്രശ്നങ്ങൾക്കുള്ള മറുപടി മാർക്സിസം–ലെനിനിസത്തിന്റെ അടിസ്ഥാനത്തിൽ സി. ബി. എസ്. പ്രൗഢോജ്ജ്വലമായ ശൈലിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതോടൊപ്പംതന്നെ, ബൂർഷ്വായുക്തിവാദികൾ കപടനിരീശ്വരവാദികൾ, കേവലവാദികൾ തുടങ്ങിയവരുടെ പിന്തിരിപ്പൻ പ്രവണതകളേയും അദ്ദേഹം തുറന്നുകാണിക്കുന്നു. മാർക്സിസ്റ്റ് യുക്തിവാദിയായ പ്രബന്ധകാരൻ സോഷ്യലിസ്റ്റ് കൾച്ചറൽ സെന്ററിന്റെ ഡയറക്ടറും കേരള യുക്തിവാദിസംഘം തൃശ്ശൂർ ജില്ലാ പ്രസിഡന്റും സംസ്ഥാന കമ്മിറ്റി അംഗവുമാണ്. ഏതൊരു പുരോഗമനവാദിയും വായിച്ചിരിക്കേണ്ട പഠന ഗ്രന്ഥമാണിത്. നിങ്ങളുടെ പ്രതികരണം ഞങ്ങളെ അറിയിക്കുക.

**1–50**

ഡയറക്ടർ
സോഷ്യലിസ്റ്റ് കൾച്ചറൽ സെന്റർ
ചിന്താനഗർ
അരിമ്പൂർ പി. ഒ.
തൃശ്ശൂർ – 680 620.

മാർക്സിസ്റ്റ് യുക്തിവാദ പാഠാവലി

# മതം
# മാർക്സിസം
# യുക്തിവാദം



സി. ബി. എസ്. മണി

1-50

ഒരു
സോഷ്യലിസ്റ്റ് കൾച്ചറൽ സെൻറർ
പ്രസിദ്ധീകരണം